| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5384 | | 18/11/2019 ൽ മറുപടിക്ക് | |
| **അഴിമതി സൂചിക തയ്യാറാക്കുന്നതിന് പദ്ധതി** | | | |
| ചോദ്യം | | മറുപടി | |
| ശ്രീ. കെ. രാജൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി വിവിധ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിൽ ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | സർക്കാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഇ-ഗവേണൻസിന്റെ ഭാഗമായി കടലാസ് രഹിത ഓൺലൈൻ സംവിധാനത്തിലൂടെ സമയബന്ധിതമായി ഫയലുകളിൽ അതിവേഗ തീർപ്പ് കൽപ്പിക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്.<br>2. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>3. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്.<br>4. ഭരണ കാര്യങ്ങളിൽ ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.<br>6. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/ കേസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് സംവിധാനം ഫലപ്രദമായി വിനിയോഗിച്ച് വരുന്നു.<br>7. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ